## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6065** **02.04.2018-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ യുടെ പുതിയ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.എം. സ്വരാജ്: | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ മുഖേന എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പല പുതിയ പദ്ധതികളും കെ എസ് എഫ് ഇ മുഖേന വിഭാവനം ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്തു. പൊന്നോണചിട്ടികൾ എന്ന ജനപ്രിയ ബ്രാൻഡ് തിരികെ കൊണ്ടുവരാൻ കഴിഞ്ഞു. പുതുവർഷചിട്ടികൾ എന്ന പുതിയൊരു ബ്രാൻഡും 2016 -17 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ചു. ഇതിൽ പ്രധാന കാര്യം വളരെ സാധ്യതകളുള്ള നറുക്ക്-ലേലചിട്ടികൾ ആരംഭിച്ചതാണ്.<br><br>കെ എസ് എഫ് ഇ യുടെ പ്രധാനപ്പെട്ട പുതു പദ്ധതിയായ പ്രവാസി ചിട്ടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. 'ഫെമ' യിൽ വന്ന ഭേദഗതിയെ ഭാവനാത്മകമായ ഇടപെടലിലൂടെ പ്രവാസിചിട്ടികൾ എന്ന ഒരു പുതിയ പദ്ധതിയായി വികസിപ്പിക്കുകയും അതിനെ കിഫ്ബിയുമായി ബന്ധിപ്പിക്കുകയും ചെയ്തു. ഇതോടെ പ്രവാസികൾക്ക് തങ്ങൾ ജോലി ചെയ്യുന്ന പ്രവാസ രാജ്യത്ത് വസിച്ചു കൊണ്ട് തന്നെ ഈ ചിട്ടിയിൽ ചേരാനുള്ള സൗകര്യം ലഭിക്കുകയും നാട്ടിൽ വസിക്കുന്ന പോലെ തന്നെ ചിട്ടിയുടെ മുഴുവൻ ആനുകൂല്യങ്ങൾ ആസ്വദിക്കാനും കഴിയുന്നു. അതിൽ കൂടുതലായി ഇൻഷുറൻസ് പരിരക്ഷയും മറ്റ് ആനുകൂല്യങ്ങളും പ്രവാസി ചിട്ടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിട്ടിയിൽ ചേരൽ, മാസത്തവണ അടവ്, ലേലം തുടങ്ങി ചിട്ടിയിലെ പ്രധാനപ്പെട്ട ഘടകങ്ങളെല്ലാം ഓൺലൈൻ വഴിയാണ് എന്നതും ഈ ചിട്ടിയുടെ പ്രത്യേകതയാണ്. ഇതിനെല്ലാം |
| (ബി) | ഇവയുടെ വിശദാംശം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അപ്പുറമാണ് കിഫ്ബിയുമായി ഈ ചിട്ടിയെ ബന്ധിപ്പിക്കുന്നത് വഴി കേരളവികസനത്തിൽ പങ്കു ചേരാൻ, പ്രവാസികൾക്ക് അവസരം ലഭിക്കുന്നത്. ചിട്ടി തവണ സംഖ്യ അടക്കുന്നതല്ലാതെ മറ്റൊരു കൂടുതൽ ചെലവും ഇതിന് വേണ്ടി പ്രവാസികൾ മുടക്കേണ്ട ആവശ്യമില്ല.<br><br>2018 -19 ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള "കുടുംബശ്രീ " ചിട്ടികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്. ഇത് വഴി കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദാരിദ്ര്യ നിർമ്മാർജ്ജന-സ്ത്രീ ശാക്തീകരണ സംഘവുമായി കെ.എസ്.എഫ്.ഇ. കണ്ണി ചേരുകയാണ്. |

സെക്ഷൻ ഓഫീസർ